# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3885 15.03.2017- ൽ മറുപടിക്ക്**

### ടെക്സ്റ്റൈൽ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. കെ. ശശി<br>ശ്രീ. സി. കെ. ഹരീന്ദ്രൻ<br>ശ്രീ. പി. വി. അൻവർ | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) 18.01.2017 ലെ ജി.ഒ.(സാധാ)നം.88/2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 2017-18 ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ പ്രവർത്തന മൂലധനത്തിനായി പൊതുമേഖല സ്പിന്നിംഗ് മില്ലുകൾക്കും, സഹകരണ സ്പിന്നിംഗ് മില്ലുകൾക്കുമായി 51 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രതിസന്ധിക്ക് കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | (ബി) കേന്ദ്ര സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി പോളിസിയുടെ ദുരന്തഫലം, ആഭ്യന്തര ഉപയോഗം കണക്കിലെടുക്കാതെയുള്ള കോട്ടൺ കയറ്റുമതി, ബ്രാന്റ് വസ്തുങ്ങളുടെ അമിതമായ എക്സൈസ് തീരുവ, കേന്ദ്ര സർക്കാരിന്റെ നോട്ട് അസാധുവാക്കൽ, ഭീമമായ വൈദ്യുതി ബിൽ കടിശ്ശികയും ഇതര സ്റ്റാറ്റ്യൂട്ടറി ഡ്യൂസുകളും, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം കോട്ടൺ വാങ്ങാൻ സാധിക്കാതെ വരിക, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റ്, കുറഞ്ഞ ലേബർ പ്രൊഡക്റ്റിവിറ്റി, കുറഞ്ഞ മെഷീൻ പ്രൊഡക്റ്റിവിറ്റി എന്നിവയാണ് സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ. |

| | |
|---|---|
| | മില്ലുകളിലെ മെഷീനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപ്പാദനക്ഷമത കുറയുകയും ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നു. തന്മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കുന്നില്ല. കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക ചെലവായി വരുന്നുണ്ട്. |
| (സി) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ ഇതിന് എത്ര മാത്രം കാരണമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) കേന്ദ്ര സർക്കാരിന്റെ നയങ്ങളും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്:<br>1)2011 വർഷത്തിന്റെ ആദ്യത്തിൽ കേന്ദ്ര സർക്കാർ പരുത്തി കയറ്റുമതി ചെയ്യുവാൻ കൈക്കൊണ്ട തീരുമാനം മൂലം ആഭ്യന്തര മാർക്കറ്റിൽ പരുത്തിയുടെ ലഭ്യത കൃത്രിമമായി കുറഞ്ഞത് പരുത്തി വില ഉയരാൻ ഇടയാക്കി.<br>2)കൂടാതെ, കേന്ദ്ര സർക്കാരിന്റെ കയറ്റുമതി ഇറക്കുമതി നയത്തിന്റെ ഭാഗമായി കോട്ടൺ നൂൽ കയറ്റുമതിക്ക് നിരോധനം കൊണ്ടുവന്നതു വഴി ആഭ്യന്തര മാർക്കറ്റിൽ കോട്ടൺ നൂൽ വില കുത്തനെ ഇടിഞ്ഞത് മൂലം ടെക്സ്റ്റൈൽ വ്യവസായത്തിനുണ്ടായ വലിയ തോതിലുള്ള പ്രതിസന്ധി മില്ലുകളേയും ബാധിച്ചു.<br>3)മുദ്രിത റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയത്.<br>4) ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങളുമായി ഫ്രീ ട്രേഡ് എഗ്രിമെന്റ് നടപ്പാക്കിയത്.<br>5) പരുത്തിയുടെ അസന്തുലിതമായ കയറ്റുമതി. |
| (ഡി) അടഞ്ഞു കിടന്ന മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) വൈദ്യുതി കുടിശ്ശികയുടെ പേരിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതു മൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ) താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹു.വൈദ്യുതി മന്ത്രിയുടെ സാന്നിധ്യത്തിൽ 10.01.2017 തീയതിയിലുണ്ടായ യോഗതീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20,22 തീയതികളിൽ വീണ്ടും പ്രവർത്തിച്ചു തുടങ്ങി. |

| | | |
|---|---|---|
| | | കോർപ്പറേഷന്റെയും സഹകരണമേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം കൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചു തുടങ്ങി. |
| (ഇ) | മില്ലുകളുടെ പ്രവർത്തനത്തെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) | സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയിലെ മാനേജുമെന്റുകളെ കാര്യക്ഷമമാക്കിയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) 18.01.2017 ലെ ജി.ഒ.(സാധാ)നം.88/2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് (ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും) നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ